പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.639

10.06.2014 ൽ
മറുപടിയ്ക്ക്

## സംസ്ഥാന യുവജനക്ഷേമ ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമം മുൻ നിർത്തി സംസ്ഥാന യുവജനക്ഷേമ ബോർഡ് 2013-14-ൽ ഏതെല്ലാം പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട് ; ഓരോ പദ്ധതിയെക്കുറിച്ചും വിശദവിവരം ലഭ്യമാക്കാമോ ; | (എ) യുവജനക്ഷേമം മുൻ നിർത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2013-14 ൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) 2014-15 ലേയ്ക്കുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ? | (ബി) 2014-15 സാമ്പത്തിക വർഷം പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. കേരളോത്സവം, യുവശക്തി, യുവ വികാസ്, കരുതലും ക്ഷേമവും ദേശീയോദ്ഗ്രഥന പ്രവർത്തനങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ, സാഹസിക കായിക പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, യൂത്ത് ഭവൻ തുടങ്ങിയ തുടർ പദ്ധതികൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കേരളോത്സവം - 2013

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇതിനുള്ളത്. കേരളോത്സവം പ്രാഥമിക തല മത്സരങ്ങൾ ഗ്രാമ / മുനിസിപ്പൽ/ കോർപ്പറേഷൻ തലത്തിലും രണ്ടാം ഘട്ടം ബ്ലോക്ക് തലത്തിലും മൂന്നാം ഘട്ടം ജില്ലാ തലത്തിലും സംഘടിപ്പിക്കുന്നു. ജില്ലാതല മത്സരങ്ങളിൽ വിജയിച്ചവർ സംസ്ഥാനതല കേരളോത്സവത്തിൽ പങ്കെടുക്കുന്നു. 2013 സംസ്ഥാനതല കേരളോത്സവം 2013 ഡിസംബർ 27, 28, 29, 30 തീയതികളിൽ വയനാട് ജില്ലയിലെ മാനന്തവാടിയിൽ വച്ച് നടത്തുകയുണ്ടായി.

## ദേശീയ യുവോത്സവം - ലുധിയാന – പഞ്ചാബ്

2014 ജനുവരി 12 മുതൽ 16 വരെ പഞ്ചാബിലെ ലുധിയാനയിൽ വച്ച് നടന്ന 18-ാമത് ദേശീയ യുവോത്സവത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് 84 കലാകാരൻമാർ ഉൾപ്പെടുന്ന സംഘം പങ്കെടുത്തു. കേരളത്തിൽ നിന്നും ഗ്രൂപ്പിനങ്ങളിൽ നാടോടി നൃത്തം, നാടോടിപ്പാട്ട്, നാടകം തുടങ്ങിയവയും വ്യക്തിഗത ഇനങ്ങളിൽ ഭരതനാട്യം, കുച്ചിപ്പുടി, കഥക്, മണിപ്പുരി, കർണ്ണാടക സംഗീതം, ഗിത്താർ, തബല, മൃദംഗം ഹാർമോണിയം, പുല്ലാങ്കുഴൽ, വീണ, ഹിന്ദുസ്ഥാനി വോക്കൽ തുടങ്ങിയ ഇനങ്ങളിലും മത്സരിച്ചു.

കേരളത്തിലെ പൊതുജീവിതത്തിൽ മികച്ച സംഭാവന നൽകിയ യുവജനങ്ങളെ കണ്ടെത്തി ആദരിക്കുവാൻ യുവജനക്ഷേമ ബോർഡ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2012 വർഷം മുതൽ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാപുരസ്കാരം എന്ന പേരിൽ കൃഷി, കല, സാഹിത്യം, സാമൂഹിക പ്രവർത്തനം, സംരംഭകത്വം, കായികം, മാധ്യമപ്രവർത്തനം എന്നീ 7 മേഖലകളിൽ മികവാർന്ന പ്രവർത്തനം കാഴ്ചവെച്ച യുവജനങ്ങൾക്ക് അവാർഡ് നൽകി. അൻപതിനായിരം രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് ഈ പുരസ്കാരം. അതോടൊപ്പം സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും മികവാർന്ന പ്രവർത്തനം കാഴ്ചവെച്ച യുവജനക്ലബ്ബുകൾക്കും അവാർഡ് നൽകുകയുണ്ടായി.

## ആസ്ഥാനമന്ദിരം, യൂത്ത് കൺവെൻഷൻ സെന്റർ ശിലാസ്ഥാപനം

24.12.2012 ലെ മൃഗസംരക്ഷണ (ജി) വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 289/12/കൃഷിവകുപ്പ് ഉത്തരവ് പ്രകാരം തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്ന് വില്ലേജിൽ ഫീൽഡ് നമ്പർ 208 ൽ കർഷക പരിശീലന കേന്ദ്രത്തിനും ദൂരദർശൻ കേന്ദ്രത്തിനും മധ്യേ കേരള ലൈവ്സ്റ്റോക് ഡെവലപ്മെന്റ് ബോർഡിന് അനുവദിച്ച സ്ഥലത്തിനോട് ചേർന്നുള്ള 50 സെന്റ് സ്ഥലം യുവജനക്ഷേമ ബോർഡിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ മുൻകൂർ കൈവശാവകാശം ബോർഡിന് ലഭിച്ചിട്ടുണ്ട്. 19.08.2013 ൽ കൂടിയ യുവജനക്ഷേമ ബോർഡിന്റെ 4-ാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാനപ്രകാരം ആസ്ഥാനമന്ദിര നിർമ്മാണ ചുമതല M/s.HLL Life Care Ltd. ന് നൽകുവാൻ തീരുമാനിച്ചിരുന്നു. തുടർന്ന് ബഹു: യുവജനകാര്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29.08.2013 ന് ചേർന്ന യോഗത്തിൽ M/s.HLL Life Care Ltd. ന്റെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഹെഡ് ഓഫീസ് നിർമ്മാണത്തിന്റെ ആദ്യഘട്ടമായി ബെയ്സ്മെന്റും, ഗ്രൗണ്ട് ഫ്ളോറും, ഫംഗ്ഷണൽ ഓഫീസ് സ്പെയ്സും ഉൾപ്പെടെ നിർമ്മിക്കുന്നതിന് തീരുമാനിച്ചു.

## അക്ഷര യുവത്വം

കേരള സംസ്ഥാന യുവജനക്ഷേമബോർഡ് കേരളത്തിലെ യുവസാഹിത്യകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും, മലയാളത്തിലെ പ്രിയപ്പെട്ട എഴുത്തുകാരെ നേരിൽകാണുന്നതിനും,അവരുടെ സൃഷ്ടികളെ കുറിച്ച് ചർച്ച ചെയ്യുന്നതിനും വേണ്ടി സംഘടിപ്പിച്ച അക്ഷര യുവത്വം യുവസാഹിത്യ ശില്പശാല 2013 നവംബർ 9,10,11, കോഴിക്കോട് സരോവരം ബയോപാർക്കിൽ വെച്ച് സംഘടിപ്പിച്ചു. സംസ്ഥാനാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട 150 ഓളം യുവ പ്രതിഭകളാണ് പ്രതിനിധികളായി മൂന്ന് ദിവസം നീണ്ടുനിന്ന അക്ഷര യുവത്വം വാക്കും-വരയും എന്ന ക്യാമ്പിൽ പങ്കെടുത്തു.

## പുനർജനി

സാമൂഹ്യ പ്രവർത്തനത്തിലൂടെ വ്യക്തിത്വവികാസം സാദ്ധ്യമാക്കാനും വിദ്യാർത്ഥികളുടെ സാമൂഹ്യ ബോധം വളർത്തി അവരെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും രാജ്യത്തിന്റെ വികസനത്തിൽ വിദ്യാർത്ഥികളുടെ പങ്ക് ബോധ്യപ്പെടുത്തുന്നതിനും, പ്രതിബദ്ധതയുള്ള ഏത് തൊഴിലിലും മഹത്വം കണ്ടെത്തുന്ന ഉയർന്ന വ്യക്തിത്വമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനും കേരളത്തിലെ ബഹുഭൂരിപക്ഷം സാധാരണക്കാർ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങളിൽ പരിമിതമായ അവസ്ഥ നിലനിൽക്കുന്നതിനാൽ ജനങ്ങൾക്കുണ്ടാവുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം തേടുന്നതിനും ലക്ഷ്യമിട്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും നാഷണൽ സർവ്വീസ് സ്കീം ടെക്നിക്കൽ സെൽ കേരളയും കൈകോർത്ത് കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മെഡിക്കൽ കോളേജ്,ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവ ഉൾപ്പെടെ 40 സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ പുനരുജ്ജീവിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പുനർജനി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സർക്കാർ ആശുപത്രികളുടെ

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനുമായി കോ-ഓർഡിനേറ്റർ, അസി.കോ-ഓർഡിനേറ്റർ, കൺവീനേഴ്സ് എന്നിവരടങ്ങുന്ന ഒരു പ്രോജക്ട് ടീമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ
## യുവ ജാഗ്രതാ യാത്ര

കേരളത്തിലെ യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ യുവജനക്ഷേമ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ. സംസ്ഥാന എക്സൈസ് വകുപ്പിന്റെയും, എൻ.എസ്.എസ്.ന്റെയും സഹകരണത്തോടു കൂടി കേരളത്തിലെ എല്ലാ ജില്ലകളിലും 5 ദിവസം വീതം നീണ്ടുനിൽക്കുന്ന പരിപാടിയാണ് സംഘടിപ്പിക്കുന്നത്. ജില്ലകളിലെ പരമാവധി കലാലയങ്ങളിലും പൊതു സ്ഥലങ്ങളിലുമാണ് പ്രചരണ പരിപാടി നടത്തുന്നത്. പ്രചരണത്തിന്റെ ഭാഗമായി തെരുവോര വിചാരണം, തെരുവു നാടകം, സിനിമാ പ്രദർശനം എന്നിവയും സംഘടിപ്പിച്ചു.

### ഗോത്രതാളം

ഇന്ന് ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള കലാരൂപങ്ങൾ വളരെയധികം രൂപാന്തരീകരണത്തിന് വിധേയമാവുകയോ, കാലഹരണപ്പെടുകയോ ചെയ്തിരിക്കുന്നു. വളരെ മൂല്യമേറിയ ഈ കലാരൂപങ്ങൾക്ക് അർഹിക്കുന്ന അംഗീകാരം ലഭിക്കുന്നില്ല. അവയിൽ ചിലതെങ്കിലും ഇന്ന് നിലനിൽക്കുന്നത് അവയിൽ അന്തർലീനമായ സവിശേഷതകൾ മൂലവും അവയുടെ സാമൂഹികവും, ആചാരാനുഷ്ഠാനങ്ങളിലെ അനിവാര്യതകളും മൂലമാണ്. വിവിധ ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കിടയിലും പ്രദേശങ്ങളിലും ഗോത്രവർഗ്ഗ കലകൾ നിലനിൽക്കുന്നുണ്ട്. കേരള സംസ്ഥാനത്തിൽ നിലനിൽക്കുന്നതും അന്യം നിന്നുപോകുന്നതുമായ ആദിവാസി കലകളുടെ തനിമ നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കുന്നതിന് ആദിവാസി യുവ സമൂഹത്തെ പ്രേരിപ്പിക്കുക, വഴിയൊരുക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യത്തോടു കൂടി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടു കൂടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2013 നവംബർ 1 മുതൽ 3 വരെ കൊല്ലം ജില്ലയിലെ ഓച്ചിറയിൽ വച്ച് സംസ്ഥാന ഗോത്രവർഗ്ഗ കലാമേള 'ഗോത്രതാളം' സംഘടിപ്പിച്ചു.

## യുവദർശൻ - 2013

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ എല്ലാ ജില്ലാ യുവജന കേന്ദ്രങ്ങളിലും (ഇടുക്കി ഒഴികെ) 'യുവദർശൻ 2013' പദ്ധതി എന്ന പേരിൽ ജില്ലയിലെ യൂത്ത് ക്ലബ്ബുകളുടെയും സന്നദ്ധസംഘടനകളുടെയും ഭാരവാഹികൾക്കായി ഏകദിന പരിശീലന ശില്പശാല സംഘടിപ്പിക്കുന്നു. ജില്ലയിലെ യുവജനസന്നദ്ധ സംഘടനകളുടെ 2013 -14 വർഷത്തേക്കുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുക, ആക്ഷൻ പ്ലാൻ തയ്യാറാക്കുക, വിവിധ സർക്കാർ വകുപ്പുകളുടെ പദ്ധതികളെ കുറിച്ചും സർക്കാർ ഇതര ഏജൻസികളുടെ പദ്ധതികളെ കുറിച്ചും ജില്ലയിലെ യുവജനങ്ങളെ ബോധവാനാക്കുക എന്നതാണ് ശില്പശാലകൊണ്ട് ലക്ഷ്യമിടുന്നത്. ജില്ലയിലെ എം.പി, എം.എൽ.എമാർ, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണാധികാരികൾ, വിവിധ വകുപ്പുതല മേധാവികൾ എന്നിവരെ ഉൾപ്പെടുത്തിയാണ് പരിപാടി വിഭാവനം ചെയ്തത്.

## നാടിക-2013

നാടക പ്രവർത്തകരുടെയും, നാടകാസ്വാദകരുടെയും കൂട്ടായ്മക്ക് വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമബോർഡ് 14 ജില്ലകളിൽ അഞ്ച് ദിവസങ്ങളിലായി കേരളത്തിലുടനീളം 15 പേർ അടങ്ങുന്ന സംഘത്തിന്റെ 5 ദിവസത്തെ നാടക ശിൽപശാലയിൽ ഉടലെടുത്ത നാടകാവതരണത്തോടു കൂടി സംസ്ഥാനതല നാടക കളരി സംഘടിപ്പിക്കുകയുകയുണ്ടായി. 2014 ഏപ്രിൽ 21 മുതൽ 23 വരെ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് സംസ്ഥാനതല നാടക ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി.

## യുവമാധ്യമ ശിൽപശാല-2014

സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം മാധ്യമ രംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും യുവ മാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടു കൂടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവ മാധ്യമ ശിൽപശാല കോഴിക്കോട് ജില്ലയിൽ വച്ച് 2014 ഏപ്രിൽ 27, 28, 29 എന്നീ തീയതികളിൽ സംഘടിപ്പിക്കുന്നു. ജേർണലിസം പഠിക്കുന്ന വിദ്യാർത്ഥികളെയും ദൃശ്യ-അച്ചടി-മാധ്യമ രംഗത്ത് ആഭിമുഖ്യമുള്ള യുവജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ടാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

## വ്യക്തിത്വവികസന പരിശീലനം

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നാടിന്റെ ഭാവി കരുത്തായ യുവജനങ്ങളുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ട് ധാരാളം പദ്ധതികളും പ്രവർത്തനങ്ങളും സംഘടിപ്പിച്ച് വരുന്നു. ഇതിന്റെ ഭാഗമായി യുവജനങ്ങളിൽ മാതൃകാപരവും നേതൃത്വപരവുമായി ഗുണങ്ങൾ വളർത്തി എടുക്കുന്നതിനായി വർഷം തോറും വ്യക്തിത്വ വികസന ക്യാമ്പ് സംഘടിപ്പിച്ചു.

## പട്ടികവർഗ്ഗ യുവജനങ്ങൾക്കായി ഭാരത ദർശൻ

കേരള സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ ഏറ്റവും ദുർബലരാണ് പട്ടികവർഗ്ഗം. ഏറെ ഇല്ലായ്മകൾ നേരിടുന്ന പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി അനവധി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയിലൂടെ നടപ്പാക്കി വരുന്നു. ഈ വിഭാഗത്തിലെ യുവജനങ്ങൾക്ക് ഇൻഡ്യയെ കുറിച്ച് ഒരു കാഴ്ചപ്പാടും ദേശീയബോധവും വ്യക്തിത്വ വികസനവും സാധ്യമാക്കുന്നതിനായി 25 പേരുടെ ഒരു ചെറിയ സംഘത്തെ രാഷ്ട്ര തലസ്ഥാനമായ ന്യൂഡൽഹിയും ഇൻഡ്യാ പാക്കിസ്ഥാൻ അതിർത്തിയായ വാഗാ ബോർഡർ, ഡൽഹിയിലെ സമീപ പ്രദേശങ്ങൾ 2013 നവംബർ 22 മുതൽ 25 വരെ സന്ദർശിക്കുകയുണ്ടായി.

## ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ സഹായത്തോടു കൂടി കേരളത്തിലെ 14 ജില്ലകളിലുള്ള കേളേജ് വിദ്യാർത്ഥി നേതാക്കൾക്കും എൻ.എസ്.എസ്. വോളണ്ടിയർമാർക്കും വേണ്ടി ക്യാമ്പസ് ലീഡേഴ് ക്യാമ്പ് എന്ന പേരിൽ യൂത്ത് ലീഡർഷിപ്പ് ക്യാമ്പ് സംഘടിപ്പിക്കുന്നു. എൻ.എസ്.എസ്. സമർപ്പിച്ച പ്രോജക്ട് ബോർഡ് യോഗം പരിഗണിക്കുകയും പ്രൊപ്പോസൽ ചർച്ച ചെയ്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 20-01-2014 ബോർഡിന്റെ ഹെഡ് ഓഫീസിൽ വച്ച് യോഗം ചേരുകയും ഒരു ക്യാമ്പിന് 1,01,000/- രൂപ (ഒരു ലക്ഷത്തി ആയിരം രൂപ മാത്രം) നിജപ്പെടുത്തി 14 ജില്ലയിലും ഓരോ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ക്യാമ്പിന്റെ സംഘാടനത്തിന് തുക അനുവദിക്കുന്നത് എൻ.എസ്.എസ്. സ്റ്റേറ്റ് ലെയ്സൻ ഓഫീസർ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡുമായി കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് നൽകുവാൻ തീരുമാനിച്ചു.

## യുവഅതിഥി മന്ദിരം (പെരിന്തൽമണ്ണ)

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ നിർമ്മിക്കുന്ന യുവ അതിഥി മന്ദിരത്തിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

## നാഷണൽ ഇന്റിഗ്രേഷൻ ക്യാമ്പ്

രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും വിവിധ മതാചാരങ്ങളും സംസ്കാരവുമുള്ള യുവാക്കളെ പരസ്പരം ഒരുമിച്ച് പ്രവർത്തിക്കുവാൻ അവസരം നൽകുക, ആചാരങ്ങളും ജീവിതരീതിയും പരസ്പരം മനസ്സിലാക്കുക, സാമുദായികക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരുമിച്ച് പ്രവർത്തിക്കുന്നതിനും അതുവഴി വൈവിദ്ധ്യത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന നമ്മുടെ ഏകത്വം മനസ്സിലാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള സാംസ്കാരികമായ ഒരു ദേശീയബോധം വളർത്തുക എന്നതാണ് ദേശീയോദ്ഗ്രഥന ക്യാമ്പ് (ജാഗരൺഭാരത്) കൊണ്ട് ഉദ്ദേശിക്കുന്നത്. 2013-14 സാമ്പത്തിക വർഷത്തെ ദേശീയോദ്ഗ്രഥന ക്യാമ്പ് തൃശ്ശൂരിലെ കൊടുങ്ങല്ലൂരിൽ വച്ച് 2014 മെയ് 21 മുതൽ 25 വരെ നടത്തുകയുണ്ടായി.

## വ്യവസായ സംരംഭകത്വ പരിശീലനം

യുവജനങ്ങളുടെ സംരംഭകത്വശേഷി വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സംരംഭകത്വ വികസന പദ്ധതിക്ക് (Entrepreneurship Development Programme) എന്ന പേരിൽ നൂതനമായ ഒരു പദ്ധതിക്ക് യുവജനക്ഷേമ ബോർഡ് പ്രാരംഭം കുറിച്ചിട്ടുണ്ട്. സംരംഭകത്വ വികസനരംഗത്ത് മുപ്പത് വർഷത്തെ പ്രവർത്തന പരിചയമുള്ള അന്തർദ്ദേശീയതലത്തിൽ തന്നെ അംഗീകാരം നേടിയ സ്വയംഭരണ സ്ഥാപനമായ Entrepreneurship Development Institute of India അഹമ്മദാബാദിന്റെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ജില്ലകളിലെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്കും സ്വയം സംരംഭകരാകാൻ താൽപ്പര്യമുള്ള യുവജനങ്ങൾക്കും വേണ്ടി ത്രിദിന സംരംഭകത്വ ശിൽപശാല നടത്തുവാൻ ഉദ്ദേശിക്കുന്നു. 500 യുവജനങ്ങളെയാണ് പ്രസ്തുത ശിൽപശാലയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. മലബാർ മേഖലയിലെ പ്രൊഫഷണൽ ബിരുദധാരികൾക്ക് ഇൻഫോ പാർക്കിന്റെയും സ്റ്റാർട്ടർ വില്ലേജിന്റെയും ടെക്നോ പാർക്കിന്റെയും ഗുണഭോക്താക്കളാകാൻ വേണ്ടത്ര അവസരം ലഭിക്കുന്നില്ല എന്നും ഈ പ്രദേശത്തെ വിദ്യാർത്ഥികൾ സ്വയം സംരംഭകരായിമാറുന്നതിനും വേണ്ടിയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 2014 ആഗസ്റ്റ് 9, 10 തീയതികളിൽ കോഴിക്കോട് ജില്ലയിൽ വച്ചാണ് പ്രസ്തുത പരിപാടി നടത്തുവാൻ ഉദ്ദേശിക്കുന്നത്.

ബി) 2014-15 സാമ്പത്തിക വർഷം പുതിയ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. കേരളോത്സവം, യുവശക്തി, യുവ വികാസ്, കരുതലും ക്ഷേമവും, ദേശീയോദ്ഗ്രഥന പ്രവർത്തനങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ, സാഹസിക കായിക പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, യൂത്ത് ഭവൻ തുടങ്ങിയ തുടർ പദ്ധതികൾ നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ.